സൈബർ ഡോം

236 (2064) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ ഡോം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൈബർ ലോകത്തെ കുറ്റകൃത്യങ്ങൾ തടയുക, സൈബർ സുരക്ഷിതത്വം ഉറപ്പ് വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി ഐ.റ്റി. മേഖലയുമായി സഹകരിച്ച് കേരള പോലീസ് ആവിഷ്കരിച്ച പദ്ധതിയാണ് സൈബർ ഡോം.

(സി) സൈബർ ഡോമിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 2016 ജനുവരിയിൽ സൈബർ ഡോം പ്രവർത്തനക്ഷമമാകും എന്ന് പ്രതീക്ഷിക്കുന്നു.

വർഗ്ഗീയ ഭീഷണി

237 (2065) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ ഭീഷണികൾ നേരിടുന്നതിൽ സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് മതനിരപേക്ഷതയിലൂന്നിയ നിലപാട് സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമായിരുന്നു എന്ന് പരിശോധിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജനങ്ങൾ എങ്ങനെ ജീവിക്കണം എന്തു കഴിക്കണം എന്നെല്ലാം വർഗ്ഗീയവാദികൾ കല്പിക്കുന്ന അവസ്ഥയ്ക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പോലീസ് സംവിധാനം വർഗ്ഗീയ ഭീഷണികൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ ; പോലീസിന്റെ മൃദുസമീപനം വർഗ്ഗീയത വളർത്താൻ ഇടയാക്കുന്നുണ്ടോ ;

(ഇ) സാമുദായിക ഐക്യം തകർക്കുന്നതരത്തിൽ പ്രസംഗങ്ങൾ ആവർത്തിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വർഗീയ ഭീഷണി സംബന്ധിച്ച് മതനിരപേക്ഷതയിലൂന്നിയ നിലപാട് സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല.

(സി) ജനങ്ങൾ എങ്ങനെ ജീവിക്കണം, എന്തു കഴിക്കണം എന്നെല്ലാം വർഗീയവാദികൾ കല്പിക്കുന്ന അവസ്ഥ ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നില്ല.

(ഡി) കേരള പോലീസ് ഇക്കാര്യത്തിൽ നിയമാനുസരണം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) സാമുദായിക ഐക്യം തകർക്കുന്ന തരത്തിൽ പ്രസംഗങ്ങൾ ആവർത്തിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്.

സ്വതന്ത്ര ഇന്റലിജൻസ് സംവിധാനം

238 (2066) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ സ്വതന്ത്ര ഇന്റലിജൻസ് സംവിധാനം നടപ്പിലാക്കുമോ ;

(ബി) ഇതിനായി പ്രത്യേക റിക്രൂട്ടുമെന്റ് നടത്തുമോ ;

(സി) ഇതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly